# വ്യവസായ മേഖല

- 1859-ൽ ജയിംസ് ഡാറ എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ ആലപ്പുഴയിൽ ആരംഭിച്ച കയർ ഫാക്ടറിയാണ് വ്യവസായരംഗത്തെ ആദ്യ ചുവടുവയ്പ്പ്.
- 1914-ൽ മദിരാശി ഗവൺമെന്റ് കോഴിക്കോട് സ്ഥാപിച്ച സോപ്പ് ഇൻസ്റ്റിറ്റ്യൂട്ടാണ് ആദ്യത്തെ പൊതുമേഖലാ സ്ഥാപനം.
- തിരുവിതാംകൂറിലെ ആദ്യത്തെ പൊതു മേഖലാ സ്ഥാപനം 1935-ൽ ട്രാവൻകൂർ റബ്ബർ ഫാക്ടറിയാണ്.
- 1881-ൽ കൊല്ലത്ത് ആദ്യത്തെ തുണിമില്ല് ആരംഭിച്ചു. ആദ്യത്തെ കയർ ഫാക്ടറി 1859-ൽ **ആലപ്പുഴ**യിൽ സ്ഥാപിതമായി.
- സർ.സി.പി. രാമസ്വാമി അയ്യരുടെ (1935-1949) കാലത്ത് റയോൺസ്, ടൈറ്റാനിയം ഡയോക്സൈഡ്, അമോണിയം സൾഫേറ്റ്, കാസ്റ്റിക് സോഡ എന്നിവ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങൾ ആരംഭിച്ചു.
- കേരളത്തിലെ ഏറ്റവുമധികം വ്യവസായവൽക്കരിക്കപ്പെട്ട ജില്ല എറണാകുളമാണ്. രണ്ടാംസ്ഥാനം തിരുവനന്തപുരമാണ്.
- ഏറ്റവും കുറവ് വ്യവസായങ്ങളുള്ള ജില്ല **കാസർകോടാണ്.**
- സംസ്ഥാനമേഖലയിൽ ഏറ്റവും കൂടുതൽ വ്യവസായങ്ങളുള്ള ജില്ല **തിരുവനന്തപുരമാണ്.**
- ഏറ്റവും കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകളുള്ള ജില്ല **എറണാകുളമാണ്** (24414 എണ്ണം) ഇത് 12.63 ശതമാനം. രണ്ടാംസ്ഥാനത്ത് തൃശൂർ ജില്ലയാണ് (22070 എണ്ണം) ഇത് 11.42 ശതമാനമാണ്.
- ചെറുകിട വ്യവസായമേഖലയിൽ ഏറ്റവും കൂടുതൽ നിക്ഷേപങ്ങളുള്ള ജില്ലയും എറണാകുളമാണ്. രണ്ടാം സ്ഥാനം തൃശൂരിനാണ്.
- കേരള സമ്പദ് വ്യവസ്ഥയെ താങ്ങി നിർത്തുന്നത് പ്രധാനമായും പ്രവാസി മലയാളികളാണ്.
- കഴിഞ്ഞ കുറേ കാലങ്ങളായി കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയാണ്.
- വ്യവസായത്തിന് അനുകൂലസാഹചര്യങ്ങൾ ഉണ്ടെങ്കിലും പൊതുമേഖല, സ്വകാര്യമേഖല, പരമ്പരാഗത വ്യവസായ മേഖലകൾ എന്നിവ ആശാവഹമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. വാണിജ്യരംഗവും മന്ദഗതിയിലാണ്.

- കേരളത്തിൽ ഏറ്റവും കൂടുതൽ ഫാക്ടറികൾ ഉള്ളത് എറണാകുളത്താണെങ്കിലും, ഏറ്റവും കൂടുതൽ ഫാക്ടറി തൊഴിലാളികൾ ഉള്ളത് കൊല്ലത്താണ്.
- കേരളത്തിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമാണ് എഫ്.എ.സി.റ്റി. **ഇന്ത്യയിൽ ആദ്യമായി അലുമിനിയം സൾഫേറ്റ്** നിർമ്മിക്കാൻ തുടങ്ങിയത് ആലുവയിലുള്ള എഫ്.എ.സി.റ്റിയിലാണ്.
- മലബാർ സിമന്റ്സ് കമ്പനി വാളയാറിലാണ് സ്ഥിതിചെയ്യുന്നത് (പാലക്കാട് ജില്ല).
- കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ ആസ്ഥാനം കൊല്ലം.
- ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് - **കളമശ്ശേരി.**
- ഇന്ത്യൻ റെയർ എർത്സിന്റെ ആസ്ഥാനം - **ആലുവ**
- 1950-ൽ പെരുമ്പാവൂരിൽ സ്ഥാപിതമായ ട്രാവൻകൂർ റയോൺസ് ഫാക്ടറി ആണ് ഇന്ത്യയിലെ ആദ്യത്തെ റയോൺ ഫാക്ടറി.

4 1973-ലാണ് കെൽട്രോൺ സ്ഥാപിതമായത്.

### പ്രത്യാശ

ജില്ലാ വ്യവസായ കേന്ദ്രത്തിലൂടെ കേരള സർക്കാർ നടപ്പിലാക്കുന്ന നിക്ഷേപസമാഹരണ പദ്ധതിയായ കേരള ലോക്കൽ ഇൻഡസ്ട്രി പ്രൊമോഷൻ പ്രോഗ്രാം (KLIPP) ആണ് പ്രത്യാശ.

- കളമശ്ശേരിയിലെ പ്രീമിയർ ടയേഴ്സ് ലിമിറ്റഡ് ആണ് കേരളത്തിലെ ആദ്യത്തെ വലിയ ടയർ നിർമ്മാണശാല.
- 1945-ലാണ് കണ്ണൂരിലുള്ള വെസ്റ്റേൺ ഇന്ത്യൻ പ്ലൈവുഡ് ഫാക്ടറി സ്ഥാപിതമായത്.
- 1964-ൽ **തൃശൂരിലെ പോണോറി**ലാണ് കേരളത്തിലെ ആദ്യത്തെ ഡയമണ്ട് ഫാക്ടറി സ്ഥാപിതമായത്.
- കേരളത്തിലെ ആദ്യത്തെ പഞ്ചസാര മില്ലായ പമ്പാ ഷുഗർ മിൽസ് പത്തനംതിട്ടയിലെ നിരണത്താണ് സ്ഥാപിതമായത്.
- കൊച്ചിയിലെ സ്റ്റോക്ക് എക്സ്ചേഞ്ച് സ്ഥാപിതമായത് 1978-ലാണ്.

## വ്യവസായ പ്രോത്സാഹന ഏജൻസികൾ

- **കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)** : ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് വായ്പ നൽകുന്ന സ്ഥാപനമാണ് കേരള ധനകാര്യ കോർപ്പറേഷൻ.
- **കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KSIDC)**
- **കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (KINFRA)** : കേരളത്തിൽ വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കാനായി രൂപീകൃതമായ ഏജൻസിയാണ് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഏജൻസി. 1993-ലാണ് എറണാകുളം ആസ്ഥാനമാക്കി ഇത് രൂപീകരിച്ചത്.
- **കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ (KITCO)**: കിറ്റ്കോ- കേരള ഇൻഡസ്ട്രീയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ. ഇതിന്റെ ആസ്ഥാനം **എറണാകുള**മാണ്.
- കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർ പ്രൈസസ് (KSIE)
- **കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (സിഡ്കോ)** ചെറുകിട വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ പൊതു മേഖലയിൽ ആരംഭിച്ച സ്ഥാപനം.
- ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (RIDF) 1995-96ൽ രൂപീകരിച്ചത് നബാർഡ് ആണ്.

# കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

- ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽ
- ആട്ടോകാസ്റ്റ് ലിമിറ്റഡ്
- ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്
- ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്
- കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്
- കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ഹാന്റ്‌ലൂം വീവേഴ്സ് കോ-ഓ, സൊസൈറ്റി ലി (ഹാന്റക്സ്)
- കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്
- കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്
- കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
- കേരള ക്ലേയ്സ് ആന്റ് സെറാമിക്സ് പ്രോഡക്ട്സ് ലി.
- കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
- കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലി.
- കേരള സ്റ്റേറ്റ് ഹാന്റ്‌ലൂം ഡെവലപ്പ്മെന്റ് കോർപറേഷൻ ലി. (ഹാൻവീവ്)
- കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപറേഷൻ ലിമിറ്റഡ്
- മലബാർ സിമന്റ്സ് ലിമിറ്റഡ്
- സീതാറാം ടെക്സ്റ്റൈൽ ലിമിറ്റഡ്
- സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്
- കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലി.
- കേരള സിറാമിക്സ് ലിമിറ്റഡ്
- കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
- മലപ്പുറം കോ-ഓ. സ്പിന്നിങ് മിൽസ് ലിമിറ്റഡ്
- മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
- ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്
- ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
- ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്
- ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
- ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
- ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
- യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്
- തൃശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽസ് ലിമിറ്റഡ്
- കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ്

**നിർമാണേതര സ്ഥാപനങ്ങൾ**

- കിൻഫ്ര, സിഡ്കോ, കെഎസ്ഐഡിസി, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (ടെക്സ്ഫെഡ്), കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ (സെറിഫെഡ്).

## പരമ്പരാഗത വ്യവസായങ്ങൾ

- ചെറുകിട വ്യവസായ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് (SISI) : തൃശൂരാണ് ആസ്ഥാനം. കേരളം, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിദഗ്ദ്ധോപദേശം നൽകുന്നു.
- കൈത്തറി, കരകൗശലം, കയർ വ്യവസായം, കശുവണ്ടി വ്യവസായം, ബീഡി വ്യവസായം, പട്ടുനൂൽ വ്യവസായം, ഓടു വ്യവസായം, തീപ്പെട്ടി വ്യവസായം തുടങ്ങിയവ പരമ്പരാഗത വ്യവസായങ്ങളാണ്.
- ഏറ്റവും കൂടുതൽ കൈത്തറി സഹകരണസംഘങ്ങളുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. കുറവ് വയനാട് ജില്ലയിലാണ്.
- തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന 'കൃതിക' പദ്ധതിയും കൈത്തറി തൊഴിലാളികൾക്കുള്ള രണ്ട് പദ്ധതികളാണ്.
- കൈത്തറി വസ്ത്രങ്ങളുടെ ശേഖരണവും വിപണനവും നടത്തുന്നത് ഹാൻടെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളാണ്.
- കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി), കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയാണ് കയർ കരകൗശല വ്യവസായത്തെ സഹായിക്കുന്ന ഏജൻസികൾ.
- ഇന്ത്യയിൽ നിന്നുള്ള കയർ ഏറ്റവും കൂടുതൽ ഇറക്കുമതി ചെയ്യുന്ന രാജ്യം അമേരിക്കയാണ്. രണ്ടാം സ്ഥാനത്ത് ജർമ്മനിയാണ്.
- കണ്ണൂരിലെ 'കേരള ദിനേശ് ബീഡി' എന്ന സഹകരണസംഘമാണ് ബീഡിയില, പുകയില തുടങ്ങിയ അസംസ്കൃത വസ്തുക്കൾ പ്രാഥമിക സഹകരണസംഘങ്ങൾക്ക് വിതരണം നടത്തുന്നത്.
- തൃശൂർ ജില്ലയാണ് ഓടുവ്യവസായത്തിന് പ്രസിദ്ധം.



# സഹകരണം

- സഹകരണ പ്രസ്ഥാനം ഇന്ത്യയിൽ ഉടലെടുത്തത് കാർഷിക വായ്പ മേഖലയിലാണ്.
- മലബാറിലെ കണ്ണമ്പ്രയിൽ 1909-ൽ സ്ഥാപിച്ച വായ്പാ സംഘമാണ് കേരളത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം.
- 1920-ൽ കല്ലായി കയർ തൊഴിലാളി സംഘം സ്ഥാപിച്ചതോടെ വായ്പേതര സംഘങ്ങളും ഉടലെടുത്തു. 1932-ലെ മദിരാശി സഹകരണ നിയമമാണ് മലബാറിൽ നടപ്പിൽ വന്നത്.
- കേരളത്തിൽ ആദ്യം നിലവിൽ വന്ന സഹകരണ നിയമം 1913-ൽ പാസായ കൊച്ചിൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടാണ്.
- കേരളത്തിലെ ആദ്യത്തെ സഹകരണ സംഘമായ ഇടവനക്കാട് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1913-ൽ കൊച്ചിയിൽ നിലവിൽ വന്നു.
- 1914-ലാണ് തിരുവിതാംകൂറിൽ സഹകരണ നിയമം പ്രാബല്യത്തിൽ വന്നത്.
- 1914-ൽ ട്രാവൻകൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റെഗുലേഷൻ ആക്ട് പാസായി.
- 1915-ൽ രൂപീകരിച്ച 'തിരുവനന്തപുരം സെൻട്രൽ പരസ്പര സഹായ ബാങ്ക്' എന്ന സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ ബാങ്കായത്.
- 1916-ൽ ഒരു സഹകരണ വകുപ്പും 1921-22-ൽ സഹകരണ യൂണിയനും നിലവിൽ വന്നു.
- 1915-ൽ ട്രിവാൻഡ്രം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചു.
- 1914-ൽ നിലവിലിരുന്ന സഹകരണ നിയമം കൂട്ടിച്ചേർത്ത് 1952-ൽ തിരു-കൊച്ചി സഹകരണ നിയമം നിലവിൽ വന്നു. 1956-ൽ സംസ്ഥാനത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തന മേഖല വിപുലീകരിച്ചു.
- 1969-ൽ കേരള സഹകരണ നിയമം പ്രാബല്യത്തിൽ വന്നു - കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്. 1999-ൽ ഇതിൽ ഭേദഗതി വരുത്തുകയും പ്രാബല്യത്തിൽ വരികയും ചെയ്തു.
- 1976 മുതൽ സഹകരണ ബാങ്കിംഗ് മേഖലയിൽ ഓരോ വർഷവും നിക്ഷേപ സമാഹരണ പരിപാടി ആരംഭിക്കുകയും ചെയ്തു. 1999ൽ ഇതിൽ ഭേദഗതികൾ വരുത്തുകയും 2000-ൽ നിലവിൽ വരികയും ചെയ്തു.

### സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ

1969-ലെ കോ-ഓപ്പറേറ്റീവ് ആക്ടനുസരിച്ച് രൂപീകരിച്ചതാണ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ. 1970-ലാണ് ഇത് നിലവിൽ വന്നത്. കോ-ഓപ്പറേറ്റീവ് വിദ്യാഭ്യാസവും പരിശീലനവും ഗവേഷണവും യൂണിയൻ വഴിയാണ് നൽകുന്നത്. ഒൻപത് ട്രെയിനിംഗ് സെന്ററുകളുണ്ട്. പൊതുജനങ്ങൾക്കും സഹകരണവകുപ്പിലെ ഉദ്യോഗസ്ഥർക്കും ഇവിടെ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നു. കൂടാതെ ദേശീയ സഹകരണ യൂണിയൻ കേരളത്തിൽ തിരുവനന്തപുരത്തും കണ്ണൂരുമായി രണ്ട് മാനേജ്മെന്റ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ ആദ്യത്തെ ചെയർമാൻ പി.ജി മേനോനാണ്.

- കേരള സഹകരണസംഘം (ഭേദഗതി) നിയമം 1999, 2000 ജനുവരി ഒന്നുമുതൽ പ്രാബല്യത്തിലുണ്ട്.
- കേരളത്തിലെ ആദ്യത്തെ സഹകരണമന്ത്രി പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ്.
- കേരളത്തിലെ ആദ്യ സഹകരണ മെഡിക്കൽ കോളേജ് പരിയാരം മെഡിക്കൽ കോളേജാണ്.
- ഇന്ത്യൻ സഹകരണ പ്രസ്ഥാനങ്ങളുടെ പിതാവ് എന്നറിയപ്പെടുന്നത് ഫ്രെഡറിക് നിക്കോൾസൺ.
- 1895-ൽ ഫ്രെഡറിക് നിക്കോൾസൺ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ ആദ്യത്തെ സഹകരണ നിയമമായ 'ക്രെഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്" നിലവിൽ 1904-ൽ നിലവിൽ വന്നത്.
- ഇന്ത്യയിലെ ആദ്യത്തെ സഹകരണ സംഘം ട്രിപ്ലിക്കെൻ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആണ്. 1905-ലാണ് ഇത് നിലവിൽ വന്നത്.
- ഇന്ത്യയിലെ ആദ്യത്തെ ഭൂപണയ ബാങ്ക് പഞ്ചാബിലെ ജംഗിൽ ആണ്.
- 1919-ൽ മൊണ്ടേഗു ചെംസ്ഫോർഡ് ഭരണപരിഷ്കാരങ്ങൾ നിലവിൽ വന്നു. ഇതിന്റെ ഫലമായി 'സഹകരണം' പ്രവിശ്യകളുടെ ഉത്തരവാദിത്തമായി മാറി.
- റോയൽ കമ്മീഷൻ റിപ്പോർട്ട് നിലവിൽ വന്നത് 1928-ൽ.
- 1935-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിച്ചു.
- 1942-ൽ മൾട്ടി യൂണിറ്റ് കോ-ഓപ്പറേറ്റീവ് ആക്ട് നിലവിൽ വന്നു.
- 1949-ൽ ബാങ്കിങ് റെഗുലേഷൻ ആക്ട് നിലവിൽ വന്നു.
- ആൾ ഇന്ത്യ റൂറൽ ക്രഡിറ്റ് സർവ്വേ കമ്മിറ്റി രൂപീകരിച്ചത് 1951-ലാണ്. എ.ഡി. ഗോർവാലയായിരുന്നു കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. 1954-ൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഇന്ത്യൻ സഹകരണ പ്രസ്ഥാനത്തിന്റെ മാഗ്നാകാർട്ടയെന്നാണ് ഈ റിപ്പോർട്ട് അറിയപ്പെടുന്നത്.
- 1969-ൽ ആൾ ഇന്ത്യ റൂറൽ ക്രെഡിറ്റ് റിവ്യൂ കമ്മിറ്റി രൂപീകരിച്ചു. ബി വെങ്കിടപ്പയ്യ ആയിരുന്നു ചെയർമാൻ.
- റീജിയണൽ റൂറൽ ബാങ്കുകൾ 1975-ൽ ആരംഭിച്ചു.
- നാഷണൽ ഹൗസിങ് ബാങ്കുകൾ ആരംഭിച്ചത് 1988-ലാണ്.
- 1984-ൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് നിലവിൽ വന്നു. 2002-ൽ നിയമത്തിൽ ഭേദഗതി വരുത്തി.

### സഹകരണദിനവും വാരവും

അഖിലേന്ത്യാ സഹകരണവാരം എല്ലാ വർഷവും നവംബറിൽ (14-20) ആചരിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ അന്താരാഷ്ട്ര സംഘടനയായ അന്താരാഷ്ട്ര സഹകരണ സംഖ്യത്തിന്റെ നിർദ്ദേശമനുസരിച്ച് ജൂലൈ മാസത്തിലെ ആദ്യത്തെ ശനിയാഴ്ച സഹകരണ ദിനമായി ആചരിക്കുന്നു. എന്നാൽ, ഇന്ത്യയിൽ, നവംബർ മാസത്തിലെ ആദ്യത്തെ ശനിയാഴ്ചയാണ് സഹകരണ ദിനമായി ആചരിക്കുന്നത്.

# സംസ്ഥാന സഹകരണ ബാങ്ക്

- സഹകരണ മേഖലയിലെ ഏക ഷെഡ്യൂൾഡ് ബാങ്കാണ് കേരള സംസ്ഥാന സഹകരണ ബാങ്ക്.
- ആസ്ഥാനം - തിരുവനന്തപുരം
- കേരള സംസ്ഥാന സഹകരണ ബാങ്ക് (കെ.എസ്.സി.ബി) എല്ലാ സഹകരണ ബാങ്കുകളുടെയും അപ്പക്സ് ബോഡി യാണ്. 14 ജില്ലാ ബാങ്കുകളും കേരള ഗവൺമെന്റും ഇതിലെ അംഗങ്ങളാണ്.
- ഇന്ത്യയിലെ ആദ്യത്തെ ഷെഡ്യൂൾഡ് അപ്പക്സ് കോ-ഓപ്പറേറ്റീവ് ബാങ്കാണ് കെ.എസ്.സി.ബി.
- സംസ്ഥാന സഹകരണ ബാങ്കിന്റെ ആദ്യത്തെ ചെയർമാൻ എസ്. പത്മനാഭ അയ്യരായിരുന്നു.
- 1915-ൽ തിരുവനന്തപുരം സെൻട്രൽ പരസ്പര സഹായ ബാങ്ക് എന്നൊരു സ്ഥാപനം 1943-ൽ ട്രാവൻകൂർ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നായി മാറി. ഈ സ്ഥാപനമാണ് പിന്നീട് ഐക്യകേരളം രൂപപ്പെട്ടപ്പോൾ കേരള സംസ്ഥാന സഹകരണ ബാങ്കായി മാറിയത്.

## ജില്ലാ സഹകരണ ബാങ്കുകൾ

- ജില്ലാ സഹകരണ ബാങ്കുകൾ ഓരോ ജില്ലയിലെയും പ്രാഥമിക സഹകരണ സംഘങ്ങളുടെ കേന്ദ്ര ബാങ്കായി പ്രവർത്തിക്കുന്നു.
- സംയോജിത സഹകരണ വികസന പരിപാടി (ഐസിഡിപി) ജില്ലയിൽ നടപ്പിലാക്കുന്നത് ജില്ലാ ബാങ്കുകളാണ്.
- ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക, കാർഷിക/കാർഷികേതര വായ്പ സഹകരണ സംഘങ്ങൾക്ക് മാത്രമാണ് അംഗത്വം ഉള്ളത്.

## പ്രാഥമിക സഹകരണ ബാങ്കുകൾ

- ജനങ്ങളെ ബന്ധിപ്പിക്കുന്ന സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന കണ്ണിയാണ് പ്രാഥമിക സഹ.ബാങ്കുകൾ. ഒരു വില്ലേജോ അതിൽ താഴെയോ ആണ് പ്രാഥമിക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി.

## കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

- 1956-ലാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക് ലി. (കേരള കോ-ഓപ്പറേറ്റീവ് ലാൻഡ് മോർട്ട്ഗേജ് ബാങ്ക്) സ്ഥാപിതമായത്.
- കേരളത്തിൽ ആദ്യത്തെ സഹകരണ ഭൂപണയ ബാങ്ക് നിലവിൽ വന്നത് തിരുവനന്തപുരത്താണ്.
- 48 പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചർ & റൂറൽ ഡെവലപ്പ്മെന്റ് ബാങ്കുകളുടെ അപ്പക്സ് ബാങ്കാണിത്.

## പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ

- താലൂക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന ബാങ്കുകളാണ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ. സംസ്ഥാന കാർഡ് ബാങ്കിൽ നിന്നും ലഭിക്കുന്ന പണം അംഗങ്ങൾക്ക് ദീർഘകാല വായ്പയായി നൽകുന്നു.

## സഹകരണ ആശുപത്രികൾ

- ഇന്ദിരാഗാന്ധി മെമ്മോറിയൽ ഹോസ്പിറ്റൽ, തൃശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, മലപ്പുറം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ഇ.എം.എസ് മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ തുടങ്ങിയവ മികച്ചവയാണ്. തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പാരാ മെഡിക്കൽ കോഴ്സുകളും നഴ്സിങ്ങ് കോഴ്സും നടത്തുന്നു. സഹകരണ മേഖലയിലെ പ്രമുഖ സ്ഥാപനമാണ് പരിയാരം മെഡിക്കൽ കോളേജ്.

# വ്യവസായ സഹകരണ സംഘങ്ങൾ

## കൺസ്യൂമർ ഫെഡ്

1965 -ൽ കൊച്ചിയിൽ വെച്ചാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് അപ്പെക്സ് സൊസൈറ്റിയായി മാറിയത്. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ഉപഭോക്താവിന് ന്യായവിലക്ക് സാധനങ്ങൾ നൽകുന്നതിന് നിരവധി സ്ഥാപനങ്ങളുണ്ട്. ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ/സൂപ്പർ മാർക്കറ്റുകൾ എന്നിവ അത്തരത്തിലൊന്നാണ്.

## ത്രിവേണി സ്റ്റോറുകൾ

- 1974-ലാണ് ആദ്യത്തെ ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ ആരംഭിച്ചത്.
- ഇപ്പോൾ 85 ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോറുകൾ/ സൂപ്പർമാർക്കറ്റുകൾ നിലവിലുണ്ട്. ഇവയിൽ ആറെണ്ണം മെഗാ മാർക്കറ്റുകളാണ്.
- കൂടാതെ ത്രിവേണി കറിമസാലകൾ, നോട്ട്ബുക്കുകൾ, ത്രിവേണി കഫേ/ ത്രിവേണി ലോ ബജറ്റ് ഹോട്ടൽസ്, ഫ്ളോട്ടിങ് ത്രിവേണി എന്നിവയും വിപണിയിലുണ്ട്.



കുട്ടനാട്ടിൽ ആരംഭിച്ച ഫ്ളോട്ടിങ് ത്രിവേണി സ്റ്റോർ

## നീതി സ്റ്റോറുകൾ

- 1997-ലാണ് നീതി സ്റ്റോറുകൾ നിലവിൽ വന്നത്. 1067 നീതി സ്റ്റോറുകൾ 14 ജില്ലകളിലായി ഇപ്പോൾ നിലവിലുണ്ട്. നീതി വിതരണ കേന്ദ്രങ്ങളും എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. നീതി സ്റ്റോറുകളുടെ ചുമതല പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്കാണ്.
- 1998-ലാണ് നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചത്. പാചകഗ്യാസിന്റെ ക്ഷാമം നേരിടാനായി നീതി ഗ്യാസും തുടങ്ങി. കൺസ്യൂമർ ഫെഡറേഷനാണ് നടത്തുന്നത്.

## ത്രിവേണി നൂൺ മീൽസ്

- ഗവൺമെന്റ് ഓഫീസുകളിലുള്ളവർക്ക് ഉച്ചഭക്ഷണം എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശൂർ, കൊല്ലം എന്നിവിടങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്.

## മാർക്കറ്റ് ഫെഡ്

- പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷനുകളുടെ അപ്പക്സ് ബോഡിയാണ് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡ് (മാർക്കറ്റ്ഫെഡ്). 1960-ലാണ് ഇത് രൂപീകരിച്ചത്. മാർക്കറ്റ് ഫെഡിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്.
- 1942-ൽ രൂപീകരിച്ച സൗത്ത് മലബാർ ഡിസ്ട്രിക്ട് ഹോൾസെയിൽ കോ-ഓപ്പ.സ്റ്റോഴ്സ് ലിമിറ്റഡ് ആണ് 1960-ൽ മാർക്കറ്റ് ഫെഡായി മാറിയത്.
- 125 മാർക്കറ്റിങ് സൊസൈറ്റികളും കേരള ഗവൺമെന്റും ഇതിലെ അംഗങ്ങളാണ്.

## കേര ഫെഡ്

- തെങ്ങുകൃഷിക്കാരുടെ സൊസൈറ്റികളുടെ അപ്പക്സ് ബോഡിയാണ് കേര ഫെഡ് (കേര കർഷക സഹകരണ ഫെഡറേഷൻ).
- 'കേര' എന്ന പേരിൽ വെളിച്ചെണ്ണയും കേര ഫെഡ് പുറത്തിറക്കുന്നുണ്ട്.
- 1987-ലാണ് കേരഫെഡ് ആരംഭിച്ചത്.
- തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരഫെഡിന് കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസുകൾ ഉണ്ട്.

## കയർ ഫെഡ്

- 1979-ൽ കയർ സഹകരണ സംഘങ്ങളുടെ ഫെഡറേഷനായ കയർ ഫെഡ് ആലപ്പുഴ കേന്ദ്രമായി ആരംഭിച്ചു.
- കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്ന സംഘങ്ങളുടെ അപ്പെക്സ് ബോഡിയാണ് കയർഫെഡ്.
- കോഴിക്കോട്, കൊല്ലം, ആലപ്പുഴ, കൊച്ചി എന്നിവിടങ്ങളിലായി റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നു.
- ആകെ 826 കയർ സഹകരണ സംഘങ്ങളാണ് ഇപ്പോൾ ഉൽപാദനം നടത്തുന്നത്.
- ഈ രംഗത്ത് പൊതുമേഖലയിലുള്ള മറ്റൊരു സ്ഥാപനമാണ് ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്. റബ്ബറൈസ്ഡ് കയറിന്റെ നിർമ്മാണവും വിതരണവുമാണ് ഈ സ്ഥാപനം നടത്തുന്നത്.
- കയർവ്യവസായത്തിന്റെ വികസനത്തിനായുള്ള സ്ഥാപനമാണ് കയർ ബോർഡ്.

## കാംകൊ

- വിപണന സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമാണ് കാംകൊ (CAMPCO). കേരളത്തിലും കർണാടകത്തിലും പ്രവർത്തന പരിധിയുള്ള സ്ഥാപനമാണ് കാംകൊ.

## സുരഭി

- കരകൗശല വ്യവസായ വികസനത്തിനായി ഗവൺമെന്റ് രൂപംകൊടുത്ത ഏജൻസിയാണ് 'സുരഭി' (ഹാൻഡിക്രാഫ്റ്റ് കോ-ഓപ്പറേറ്റീവ് അപ്പെക്സ് സൊസൈറ്റി).
- ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ഹാൻഡിക്രാഫ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ കരകൗശല വ്യവസായത്തിനെ പ്രോത്സാഹിപ്പിക്കാനായി സ്ഥാപിച്ചിട്ടുള്ളവയാണ്.

## കാപ്പക്സ്

- കശുവണ്ടി വ്യവസായ മേഖലയിൽ കശുവണ്ടിപ്പരിപ്പ് കയറ്റുമതി, തോട്ടണ്ടി സംഭരണം, സംസ്കരണം എന്നിവ നടത്തുന്നതിനായി 1984-ൽ തുടങ്ങിയ സ്ഥാപനമാണ് കാപ്പക്സ് (Kerala Cashew Workers Apex Industrial Co-operative Society).
- കശുവണ്ടി മേഖലയിലെ മറ്റൊരു പ്രധാന ഏജൻസിയാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ.

## ദിനേശ് ബീഡി

- കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള ദിനേശ് ബീഡി എന്ന സംഘം സഹകരണ മേഖലയിൽപ്പെടുന്നതാണ്.

## കൈത്തറി സംഘങ്ങൾ

- തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്താണ് ഏറ്റവും കൂടുതൽ കൈത്തറി സഹകരണ സംഘങ്ങളുള്ളത്. കേരളത്തിൽ 50,981 തറികളിൽ 48,500 എണ്ണം സഹകരണ മേഖലയിലുള്ളതാണ്.
- കൈത്തറി മേഖലയുടെ വികസനത്തിനായുള്ളതാണ് ഹാൻവീവും (കൈത്തറി വികസന കോർപ്പറേഷൻ), ഹാൻടെക്സും (കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണ സംഘം).

## കോസ്ടെക്

- Kerala State Co-operative Institute of Information Technology, Electronics and Communication Ltd.- Costech, വിവര സാങ്കേതികവിദ്യാരംഗത്ത് സോഫ്റ്റ് വെയർ വികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നു.

## മത്സ്യഫെഡ്

- മത്സ്യഫെഡ് 653 പ്രാഥമിക തല മത്സ്യകർഷക ക്ഷേമവികസന സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ്.
- 1984-ലാണ് മത്സ്യഫെഡ് ആരംഭിച്ചത്.
- ആസ്ഥാനം തിരുവനന്തപുരത്താണ്.
- മത്സ്യഫെഡിന്റെ കീഴിൽ 4 മത്സ്യ പ്രജനന കേന്ദ്രങ്ങളും 3 മത്സ്യ കൃഷിയിടങ്ങളും പ്രവർത്തിക്കുന്നുണ്ട്.
- പുതുപ്പള്ളി ഫിഷറീസ് സംഘമാണ് കേരളത്തിലെ ആദ്യത്തെ ഫിഷറീസ് സംഘം.

## മിൽമ

- 1980 ഏപ്രിലിൽ കേരളത്തിൽ ആരംഭിച്ച ക്ഷീര സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് മിൽമ.
- കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ (കെസിഎംഎംഎഫ്) ആണ് 'മിൽമ' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്.
- ക്ഷീര സഹകരണ സംഘത്തിന്റെ കീഴിൽ 12 ക്ഷീരോൽപ്പാദക കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നു.
- മിൽമയുടെ ആസ്ഥാനം തിരുവനന്തപുരത്താണ്. മിൽമയുടെ റീജിയണൽ യൂണിയനുകൾ എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലാണ്.
- 'കേരളം കണി കണ്ടുണരുന്ന നന്മ' - മിൽമയുടെ മുഖവാചകമാണ്.
- തിരുമല വനിതാ ക്ഷീരസംഘമാണ് കേരളത്തിലെ ആദ്യത്തെ ക്ഷീരസംഘം.
- 1987 ഡിസംബർ 23-ന് മിൽമയുടെ സെൻട്രൽ പ്രോഡക്ട്സ് ഡയറി, ആലപ്പുഴയിൽ സ്ഥാപിച്ചു.

## സെറി ഫെഡ്

- 1994-ൽ കേരള സംസ്ഥാന പട്ടുനൂൽ വ്യവസായ സഹകരണ ഫെഡറേഷൻ രൂപം കൊണ്ടു.
- പട്ടുനൂൽപ്പുഴു കൃഷിക്കായി പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങളുടെ അപ്പക്സ് സൊസൈറ്റിയാണ് സെറി ഫെഡ്.
- പ്രാഥമിക സംഘങ്ങൾ ഭൂരിഭാഗവും പ്രവർത്തിക്കാത്തതിനാൽ സെറിഫെഡ് 2010-ൽ നിർത്തലാക്കി.

## വനിതാഫെഡ്

- **(Kerala Women Co-operative Federation)**: പ്രാഥമിക വനിതാ സഹകരണസംഘങ്ങളെയും നിർമ്മാണ, കാർഷിക, പുഷ്പകൃഷി മേഖലകളെയും സംയോജിപ്പിക്കാൻ ഉദ്ദേശിച്ചാണ് വനിതാ ഫെഡിന് രൂപം നൽകിയത്.

## എൻ.സി.ഡി.സി

- സംസ്ഥാനങ്ങളിലെ സൊസൈറ്റികൾക്ക് ധനസഹായം നൽകുന്ന സ്ഥാപനമാണ് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

## നബാർഡ്

- സംസ്ഥാന സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും വായ്പകൾ നബാർഡിൽ (National Bank for Reconstruction and Development) നിന്നും സ്വീകരിക്കുന്നു. ഇത് സംസ്ഥാന ഗവൺമെന്റ് വഴിയാണ് സ്വീകരിക്കുന്നത്.
- 1982-ലാണ് നബാർഡ് രൂപീകരിച്ചത്.
- കൃഷി, ചെറുകിട വ്യവസായം, ഹാന്റിക്രാഫ്ട്സ്, കോട്ടേജ് ഇൻഡസ്ട്രീസ്, റൂറൽ വ്യവസായങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനാണ് പ്രധാനമായും നബാർഡ് വായ്പകൾ നൽകുന്നത്.

## സംയോജിത സഹകരണ വികസന പരിപാടി

### (ICDP - Integrated Co-operative Development Programme)

- സഹകരണ മേഖലയുടെ സമ്പൂർണ വികസനം ലക്ഷ്യമാക്കി ആരംഭിച്ച പദ്ധതിയാണ് ഐസിഡിപി.
- കോഴിക്കോട്, ആലപ്പുഴ, എറണാകുളം, കൊല്ലം ജില്ലകളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

### കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ

### (Kerala State Co-operative Housing Federation)

- 207 പ്രാഥമിക സഹകരണ ഭവന സംഘങ്ങളുടെ അപ്പക്സ് സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ. വില്ലേജ് അടിസ്ഥാനത്തിലാണ് പ്രാഥമിക ഭവന നിർമാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത്.

### യു എൽ സൈബർ പാർക്ക്

- കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നെല്ലിക്കോട്ട് സ്ഥാപിക്കുന്ന യുഎൽ സൈബർ പാർക്കിന് പ്രത്യേക സാമ്പത്തിക മേഖല (സെസ്) പദവി ലഭിച്ചു.
- സഹകരണ മേഖലയിൽ സെസ് പദവി ലഭിക്കുന്ന സംസ്ഥാനത്തെ ആദ്യ സ്ഥാപനവും ഐടി പാർക്കിന് സെസ് പദവി നേടുന്ന മലബാറിലെ ആദ്യ സ്ഥാപനവുമാണ് യുഎൽ സൈബർ പാർക്ക്.

### സഹകരണ നവരത്നം കേരളീയം

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊണ്ടുള്ള പദ്ധതിയാണ് 'സഹകരണ നവരത്നം കേരളീയം'

- **മംഗല്യസൂത്ര വായ്പകൾ** – നിർധനരായ യുവതികളുടെ വിവാഹത്തിന് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിനും ആർഭാടരഹിതങ്ങളായ വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് 'കേരള സംസ്ഥാന മംഗല്യസൂത്ര സഹകരണ സംഘം' പ്രവർത്തനമാരംഭിച്ചത്.
- **സഹകരണ നിയമ ഭേദഗതി** – സഹകരണ നിയമത്തിൽ സമഗ്രമായ ഭേദഗതി 2010 മാർച്ചിൽ നിയമസഭ പാസാക്കി. സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതിയിൽ വനിതകൾക്ക് മൂന്ന് സീറ്റും വികലാംഗർക്ക് നിയമനങ്ങളിൽ മൂന്ന് ശതമാനവും സംവരണം ഏർപ്പെടുത്തി.
- **സഹകരണ റിസ്ക് ഫണ്ട് സ്കീം** – സഹകരണ വായ്പാ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്നവർക്ക് ആശ്വാസമായി സഹകരണ റിസ്ക് ഫണ്ട് എന്ന പുതിയ പദ്ധതി നടപ്പിലാക്കി. ഇതു പ്രകാരം വായ്പക്കാരൻ വായ്പാ കാലാവധിക്കുള്ളിൽ മരണമടയുകയാണെങ്കിൽ ഒരു ലക്ഷം രൂപ വരെയുള്ള ബാധ്യതയിൽ നിന്നും വായ്പക്കാരനെ ഒഴിവാക്കുന്നതാണ്.

### സഹകരണ പ്രസ്ഥാനങ്ങളും അവയുടെ ആസ്ഥാനങ്ങളും

| | |
|---|---|
| കേരള സഹകരണ ബാങ്ക് – തിരുവനന്തപുരം | മാർക്കറ്റ് ഫെഡ് – എറണാകുളം |
| മത്സ്യഫെഡ്, കേര ഫെഡ് –തിരുവനന്തപുരം | കയർ ഫെഡ് – ആലപ്പുഴ |
| കാപ്പക്സ് – കൊല്ലം | റബ്കോ, റെയ്ഡ്കോ – കണ്ണൂർ |

# ബാങ്കിങ്

- എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ബാങ്ക് ശാഖകൾ ഉള്ളത്.
- ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ബാങ്കിങ് സംസ്ഥാനം കേരളമാണ്.
- ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ ബാങ്കിങ് ജില്ല പാലക്കാടാണ്.
- കേരളത്തിൽ 2008 മാർച്ച് വരെ വാണിജ്യ ബാങ്ക് ശാഖകളുടെ എണ്ണം 3843 ആണ്.
- കേരളത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്ത ബാങ്ക് ട്രാവൻകൂർ പെർമനന്റ് ഫണ്ട് ആണ്.
- കേരളത്തിലെ ആദ്യ പൊതുമേഖലാ വാണിജ്യ ബാങ്കായ തിരുവിതാംകൂർ ബാങ്ക് 1893-ൽ സ്ഥാപിതമായി. 1945 സെപ്തംബർ 12-ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു.
- ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്താണ് തിരുവിതാംകൂർ ബാങ്ക് നിലവിൽ വന്നത്.
- ദക്ഷിണേന്ത്യയിലെ രണ്ടാമത്തേതും കേരളത്തിലെ ആദ്യത്തേതുമായ സ്വകാര്യബാങ്ക് നെടുങ്ങാടിബാങ്കാണ്. ഇത് 1899-ൽ റ്റി.എം. അപ്പു നെടുങ്ങാടി കോഴിക്കോട് സ്ഥാപിച്ചു.
- 2003 ജനുവരി 31-ന് നെടുങ്ങാടി ബാങ്ക് പഞ്ചാബ് നാഷണൽ ബാങ്കുമായി ലയിച്ചു.
- 1956-ൽ സംസ്ഥാന രൂപീകരണകാലത്ത് തിരു- കൊച്ചിയിലായി 571 ബാങ്കുകൾ ഉണ്ടായിരുന്നു.
- 1969 നവംബർ 6ന് കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നിലവിൽ വന്നു.
- വൈശ്യബാങ്ക് ലിമിറ്റഡ് ലോകത്തിലെ ഏറ്റവും വലിയ ബാങ്കായ ഇന്തോനേഷ്യ-നോർവേ ഗ്രൂപ്പ് എന്ന ബാങ്കുമായി ലയിച്ചു. ഇപ്പോൾ ഐ.എൻ.ജി. വൈശ്യ എന്ന പേരിൽ അറിയപ്പെടുന്നു.

### കേരളത്തിലെ ഷെഡ്യൂൾഡ് ബാങ്ക് ആസ്ഥാനങ്ങൾ

| | |
|---|---|
| ലോർഡ് കൃഷ്ണാബാങ്ക് | കൊച്ചി |
| ദി ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് | തൃശൂർ |
| ദി കാത്തലിക് സിറിയൻ ബാങ്ക് ലിമിറ്റഡ് | തൃശൂർ |
| ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് | തൃശൂർ |
| ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് | ആലുവ |

### കേരളത്തിലെ വിദേശ ബാങ്കുകൾ

- സ്റ്റാൻഡേർഡ് ചാർടേഡ് ബാങ്ക്
- എച്ച്.എസ്.ബി.സി
- ഡിബിഎസ് ബാങ്ക്
- സിറ്റി ബാങ്ക് ഇന്ത്യ
- എബിഎൻ ആംമ്രോ ബാങ്ക്
- അബുദാബി കൊമേഴ്സ്യൽ ബാങ്ക്
- അമേരിക്കൻ എക്സ്പ്രസ് ബാങ്ക്
- എഎൻഇസഡ്

### സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ

- കേരള ഫിനാൻഷ്യൽ കോർപറേഷൻ
- കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (KSFE)
- കേരള ട്രാൻസ്പോർട് ഡെവലപ്മെന്റ് ഫിനാൻസ് കോർപറേഷൻ (KTDFC)
- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

### പ്രൈവറ്റ് ബാങ്കുകൾ

- ഐസിഐസി. ബാങ്ക് – ഇന്ത്യയിലെ രണ്ടാമത്തെ വലിയ ബാങ്ക്
- എച്ച്ഡിഎഫ്സി – ആദ്യമായി റിസർവ് ബാങ്കിന്റെ അനുമതി കിട്ടിയ പ്രൈവറ്റ് മേഖലയിലെ ബാങ്ക്
- യുടിഐ – 1994-ൽ പ്രവർത്തനം തുടങ്ങി.
- കരൂർ വൈശ്യാ ബാങ്ക്
- ഇൻഡസ് ഇൻഡ് ബാങ്ക് ലിമിറ്റഡ് – കോർപറേറ്റ് ബാങ്കിങ്, റീട്ടെയിൽ ബാങ്കിങ്, ഇൻവെസ്റ്റ്മെന്റ് ബാങ്കിങ്
- സെഞ്ചൂറിയൻ ബാങ്ക് ഓഫ് പഞ്ചാബ്